# പൊതുവിദ്യഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ : ശ്രീ. ജീവൻബാബു.കെ ഐ.എ.എസ്)**

വിഷയം:- പൊ.വി.വ-ഹ.സെ.വി.-എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ അധ്യാപക/ അനധ്യാപക ജീവനക്കാരുടെ 2016-17 സാമ്പത്തിക വർഷം മുതൽ 2020-2021 വരെയുളള ക്രഡിറ്റ് കാർഡ് നൽകുന്നതുമായി ബന്ധപ്പെട്ടു നടത്തുന്ന അദാലത്ത് സംബന്ധിച്ച്.

**ഉത്തരവ് നമ്പർ.പിഎഫ്3/3547/2021/എച്ച്.എസ്.ഇ/ഡിജിഇ. തീയതി: 07/05/2022**

സൂചന: 08/ 11/2021 തീയതിയിലെ നം.PF3/3547/2021/DHSE സർക്കുലർ.

## ഉത്തരവ്

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കന്ററി വിഭാഗത്തിലെ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ അധ്യാപക/അനധ്യാപക ജീവനക്കാർക്ക് 2016-17 സാമ്പത്തിക വർഷം മുതൽ 2020-2021 വരെയുളള ക്രഡിറ്റ് കാർഡുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് രേഖകളുടെ പരിശോധന നടത്തുന്നതിനായി അദാലത്ത് വയനാട് ജില്ലയിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സർക്കുലറിലെ നിർദ്ദേശപ്രകാരം ആവശ്യമായ രേഖകൾ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. വയനാട് ജില്ലയിലെ എല്ലാ എയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാരും ഗെയിൻ പിഎഫ് കൈകാര്യം ചെയ്യുന്ന ജീവനക്കാരും അദാലത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. നിശ്ചിത സമയ ക്രമമനുസരിച്ച് വെരിഫിക്കേഷന് ഹാജരാക്കേണ്ടതാണ്.

ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ട അദാലത്ത് വയനാട് ജില്ലയിൽ S.K.M.J HSS Kalpetta- ൽ വച്ച് 2022 മെയ് 17 മുതൽ 19 വരെ തീയതികളിൽ നടത്തുന്നതാണ്. ടി അദാത്തിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടപടികൾ നടത്തുന്നതിനായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ച് ഉത്തരവാകുന്നു.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക |
|---|---|
| ശ്രീ.ഷാജി.എസ്.എം | സീനിയർ സൂപ്രണ്ട് |
| ശ്രീമതി.വിജി.ആർ | സീനിയർ ക്ലർക്ക് |
| ശ്രീ.സാബു.എം.എം | സീനിയർ ക്ലർക്ക് |
| ശ്രീമതി.അശ്വതി.എ | ഓഫീസ് അറ്റൻഡന്റ് |

ടി അദാലത്തിന് ശ്രീ.മോഹൻകുമാർ.എൻ, സീനിയർ ഫിനാൻസ് ആഫീസർ മേൽനോട്ടം വഹിക്കേണ്ടതാണ്.

ടി ജീവനക്കാർക്ക് സർവ്വീസ് ചട്ടപ്രകാരമുള്ള TA / DA അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ്
ശ്രീ.ജീവൻബാബു. കെ ഐ.എ.എസ്
പൊതുവിദ്യഭ്യാസ വകുപ്പ് ഡയറക്ടർ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്

പകർപ്പ്:

1. സി.എ ടു ഡയറക്ടർ
2. സീനിയർ ഫിനാൻസ് ഓഫീസർ
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. അക്കൗണ്ട്സ്